## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 17.08.2024 മുതൽ 21.08.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

**എ എ എസ് ബുള്ളറ്റിൻ നമ്പർ 33/2024, (66) വെള്ളിയാഴ്ച** | **തീയ്യതി 16/08/2024**

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ഓഗസ്റ്റ് 10 മുതൽ ഓഗസ്റ്റ് 16 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2024 ഓഗസ്റ്റ് 17 മുതൽ ഓഗസ്റ്റ് 21 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 10/08 | 11/08 | 12/08 | 13/08 | 14/08 | 15/08 | 16/08 | തീയ്യതി | 17/08 | 18/08 | 19/08 | 20/08 | 21/08 |
| 26.1 | 1.4 | 2.8 | 0.0 | 39.8 | 0.2 | 0.0 | മഴ (മില്ലീമീറ്റർ) | 7 | 6 | 8 | 8 | 14 |
| 31.7 | 31.0 | 31.7 | 32.7 | 34.5 | 30.5 | 31.4 | ഉയർന്ന താപനില (°C) | 32 | 32 | 31 | 31 | 31 |
| 24.5 | 25.4 | 25.3 | 25.2 | 24.0 | 24.5 | 25.5 | കുറഞ്ഞ താപനില (°C) | 25 | 25 | 24 | 24 | 24 |
| Overcast | Cloudy | Cloudy | Cloudy | Cloudy | Cloudy | Overcast | AM മേഘ വ്യാപ്തി (ഒക്ടാ) | Overcast | Cloudy | Overcast | Cloudy | Cloudy |
| Cloudy | Overcast | Cloudy | Cloudy | Overcast | Cloudy | | PM | | | | | |
| 98 | 95 | 97 | 89 | 95 | 93 | 93 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 88 | 88 |
| 73 | 70 | 70 | 75 | 80 | 76 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 76 | 76 | 76 | 72 | 72 |
| 2.4 | 1.7 | 2.2 | 2.0 | 1.9 | 2.2 | 1.4 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 4 | 3 | 4 |
| C | C | C | C | C | C | C | AM കാറ്റിന്റെ ദിശ (ഡിഗ്രി ) | WNW | WNW | WNW | NW | NW |
| SSW | SW | W | WSW | SSE | NNW | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 70.3 | 2413.6 | 1782.8 |

**കാലാവസ്ഥാ അറിയിപ്പ്:-** IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

പൊതുനിർദേശങ്ങൾ: കാലവർഷസമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) കതിരു വരുന്ന പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിലിന് മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതിൽ 20 ഗ്രാം സ്യൂഡോമോണാസ് കലക്കി തളിക്കുക. |
| വാഴ | മാണഅഴുകൽ | മഴക്കാലത്ത് വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പ് വരുത്തുക. |
| ഇഞ്ചി | ഫില്ലോസ്റ്റിക്ടാ ഇലപ്പുള്ളി രോഗം | രോഗം ബാധിച്ച ചെടികൾ പിഴുത് നശിപ്പിക്കുക. മുൻകരുതലായി രണ്ട് മില്ലി ഹെക്സാകൊണാസോൾ (കോൺടാഫ്), ഒരു മില്ലി പ്രൊപ്പികൊണാസോൾ (ടിൽറ്റ് ), രണ്ട് ഗ്രാം സാഫ്, രണ്ടര ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് (ബിൽടോക്സ് - ബ്ലൂകോപ്പർ), രണ്ട് ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ്, ഒരു ഗ്രാം കാർബെൻഡാസിം എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ഒരുശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിച്ച്കൊടുക്കുക. രോഗത്തിന്റെ തീവ്രത അനുസരിച്ചു രണ്ടാഴ്ച്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ് . |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ രോഗത്തിന് സാധ്യതയുണ്ട്. മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കാവുന്നതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പ് വരുത്തുക. |

മൃഗസംരക്ഷണം-: ചെള്ള് ,ഈച്ച,പേൻ തുടങ്ങിയ ബാഹ്യപരാദങ്ങൾക്കെതിരെ കരുതൽ നടപടികൾ കൈക്കൊള്ളുക. മൃഗാശുപത്രിയിൽ ചാണക സാമ്പിൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയതിനു ശേഷം ആവശ്യമെങ്കിൽ മാത്രം വെറ്റിനറി ഡോക്ടറുടെ നിർദ്ദേശ പ്രകാരം വിരക്കുള്ള മരുന്നു നൽകുക. (CAADECCS, KVASU, Mannuthy).